പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1716 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|

**സന്ദേശ് വൺ വായ്പാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.കെ.ബാലൻ** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വനിതാ വികസന കോർപ്പറേഷൻ സന്ദേശ് വൺ എന്ന പേരിൽ ഒരു വായ്പാ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ പദ്ധതി വർഷങ്ങളായി നടപ്പിലാക്കി വരുന്നു. സന്ദേശ് വൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും ആവശ്യമെങ്കിൽ വായ്പ നൽകുന്നതാണ്. |
| (ബി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്; എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് വായ്പ അനുവദിച്ചു; വായ്പ തുകയും, ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) 2015 ജനുവരി മുതലാണ് സന്ദേശ് വൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പാ നൽകി വരുന്നത്. സന്ദേശ് വൺ സംരംഭകരിൽ നിന്നും 25 പേർ വായ്പയ്ക്ക് അപേക്ഷിക്കുകയും കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിച്ച് 25 പേർക്കും വായ്പ അനുവദിക്കുകയും ചെയ്തു. ആകെ 44 ലക്ഷം രൂപ വായ്പ ഇനത്തിൽ നൽകി. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ആലപ്പുഴ | 14 |
| കണ്ണൂർ | 1 |
| കൊല്ലം | 3 |
| കോട്ടയം | 6 |
| കോഴിക്കോട് | 1 |

| | |
|---|---|
| (സി) ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ പരിശീലനം നൽകുന്ന ഏജൻസിയുടെ പേര്, പരിശീലന കാലം, ഒരാളിൽ നിന്നും ഈടാക്കുന്ന പരിശീലന ഫീസ് എന്നിവ വ്യക്തമാക്കുമോ; | (സി) സന്ദേശ് വൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ പരിശീലനം നൽകുന്നില്ല. സംരംഭകർക്ക് പരിശീലനം നൽകുന്നത് ഐ.എൽ & എഫ്.എസ് സ്കിൽ ഡവലപ്പ്മെന്റാണ്. 4 മുതൽ 5 മാസം വരെ നീണ്ടു നിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. |

| | |
|---|---|
| | പിശീലനത്തിനായി പദ്ധതിയുടെ നടത്തിപ്പുകാർ ഒരാളിൽ നിന്നും 75,000/- രൂപ ഈടാക്കുന്നു. |
| (ഡി) ഈ വായ്പാ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; ഇതിനായി പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ, ഏജൻസികളുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ഡി)&(ഇ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വായ്പാ മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ അപേക്ഷകർക്കും കോർപ്പറേഷൻ വായ്പ നൽകി വരുന്നു. വായ്പ വിതരണത്തിനായി പ്രത്യേക ഏജൻസികളെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ഇ)ഈ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഏജൻസി ഉടമ, പാർട്ണർമാർ എന്നിവരുടെ പേരും മേൽവിലാസങ്ങളും ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ